**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** **13-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ (75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിൽ 2016 മുതൽ പ്രവർത്തിച്ചു വരുന്ന സ്റ്റാർട്ടപ്പ് ഡ്രീംസിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്കും മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. 4 സംരംഭകർക്കായി 20 ലക്ഷം രൂപ ആദ്യഗഡുവായി പ്രത്യേക സീഡ് ഫണ്ടായി സ്റ്റാർട്ടപ്പുകൾക്ക് നൽകിയിട്ടുണ്ട്. വകുപ്പിന്റെ സ്വയം തൊഴിൽ പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യക്തിഗത വ്യവസായ സംരംഭങ്ങളെക്കാൾ ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങൾക്കാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം നൽകുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾക്ക് തുക അനുവദിച്ച് നടപ്പിലാക്കി വരുന്നു. 1.ഗോത്ര ജീവിക: പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ |

| | | | |
|---|---|---|---|
| | | | തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനായുള്ള പദ്ധതി. 2.അടാപ്പ് (ATAP) അപ്പാരൽ പാർക്കിൽ ആധുനിക പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ ഫാക്ടറി ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണത്തിനായി 25 ലക്ഷം രൂപ ചെലവഴിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3.മലയടി ഗിരിജൻ സൊസൈറ്റി കൈത്തറി നെയ്ത്ത് വ്യവസായം പരിപോഷിപ്പിച്ചുകൊണ്ട് സംഘത്തിന്റെ അംഗങ്ങളായ ഗിരിജനങ്ങൾക്ക് തൊഴിൽ ഉണ്ടാക്കി കൊടുത്ത് അവരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ പൊതുധാരയിൽ കൊണ്ടുവരുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പ്രസ്ഥാനമാണിത്. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ടി സ്ഥാപനത്തിന് 39.367 ലക്ഷം രൂപ ജില്ലാ വ്യവസായ കേന്ദ്രം വഴി അനുവദിച്ചിട്ടുണ്ട്. 4.ക്ഷീരവ്യവസായ സംരംഭങ്ങൾ പട്ടികവർഗ്ഗക്കാർക്ക് സ്ഥിരം വരുമാനം ലഭിക്കുക എന്ന ലക്ഷ്യം വെച്ച് മിൽമയുമായി സഹകരിച്ച് വിവിധ ക്ഷീരവ്യവസായ യൂണിറ്റുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് , മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ 2016-17 മുതൽ 2020-21 13.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം കഴിഞ്ഞ അഞ്ചുവർഷക്കാലം നൽകിയ സഹായങ്ങളുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ- യുവാക്കൾക്ക് വകുപ്പു മുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ (75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിൽ 2016 മുതൽ പ്രവർത്തിച്ചു വരുന്ന സ്റ്റാർട്ടപ്പ് |

| | | | |
|---|---|---|---|
| | | | ഡ്രീംസിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്കും മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. 4 സംരംഭകർക്കായി 20 ലക്ഷം രൂപ ആദ്യഗഡുവായി പ്രത്യേക സീഡ് ഫണ്ടായി സ്റ്റാർട്ടപ്പുകൾക്ക് നൽകിയിട്ടുണ്ട്. വകുപ്പിന്റെ സ്വയം തൊഴിൽ പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യക്തിഗത വ്യവസായ സംരംഭങ്ങളെക്കാൾ ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങൾക്കാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം നൽകുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾക്ക് തുക അനുവദിച്ച് നടപ്പിലാക്കി വരുന്നു. 1.ഗോത്ര ജീവിക: പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനായുള്ള പദ്ധതി. 2.അടാപ്പ് (ATAP) അപ്പാരൽ പാർക്കിൽ ആധുനിക പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ ഫാക്ടറി ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണത്തിനായി 25 ലക്ഷം രൂപ ചെലവഴിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3.മലയടി ഗിരിജൻ സൊസൈറ്റി കൈത്തറി നെയ്ത്ത് വ്യവസായം പരിപോക്ഷിപ്പിച്ചുകൊണ്ട് സംഘത്തിന്റെ അംഗങ്ങളായ ഗിരിജനങ്ങൾക്ക് തൊഴിൽ ഉണ്ടാക്കി കൊടുത്ത് അവരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ പൊതുധാരയിൽ കൊണ്ടുവരുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പ്രസ്ഥാനമാണിത്. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ടി സ്ഥാപനത്തിന് 39.367 ലക്ഷം രൂപ ജില്ലാ വ്യവസായ കേന്ദ്രം വഴി അനുവദിച്ചിട്ടുണ്ട്. 4.ക്ഷീരവ്യവസായ സംരംഭങ്ങൾ പട്ടികവർഗ്ഗക്കാർക്ക് സ്ഥിരം വരുമാനം ലഭിക്കുക എന്ന ലക്ഷ്യം വെച്ച് മിൽമയുമായി സഹകരിച്ച് വിവിധ ക്ഷീരവ്യവസായ യൂണിറ്റുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് , മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ 2016-17 മുതൽ 2020-21 13.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | സ്വയം തൊഴിൽ പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം | തുക (രൂപയിൽ) |
|---|---|---|---|
| 1. | തിരുവനന്തപുരം | 159 | 14099731 |
| 2. | കൊല്ലം | 56 | 3598671 |
| 3. | പത്തനംതിട്ട | 55 | 3817952 |
| 4. | ആലപ്പുഴ | 157 | 12250024 |
| 5. | കോട്ടയം | 65 | 3788020 |
| 6. | എറണാകുളം | 227 | 20712962 |
| 7. | ഇടുക്കി | 59 | 4209340 |
| 8. | തൃശ്ശൂർ | 149 | 15415162 |
| 9. | പാലക്കാട് | 275 | 23169013 |
| 10. | മലപ്പുറം | 76 | 6210432 |
| 11. | കോഴിക്കോട് | 31 | 2499739 |
| 12. | വയനാട് | 38 | 5407331 |
| 13. | കണ്ണൂർ | 122 | 9648949 |
| 14. | കാസർകോട് | 64 | 4731424 |

Section Officer

# അനുബന്ധം

| ക്രമ നം. | ജില്ല | സ്വയം തൊഴിൽ പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം | തുക (രൂപയിൽ) |
|---|---|---|---|
| 1. | തിരുവനന്തപുരം | 159 | 14099731 |
| 2. | കൊല്ലം | 56 | 3598671 |
| 3. | പത്തനംതിട്ട | 55 | 3817952 |
| 4. | ആലപ്പുഴ | 157 | 12250024 |
| 5. | കോട്ടയം | 65 | 3788020 |
| 6. | എറണാകുളം | 227 | 20712962 |
| 7. | ഇടുക്കി | 59 | 4209340 |
| 8. | തൃശ്ശൂർ | 149 | 15415162 |
| 9. | പാലക്കാട് | 275 | 23169013 |
| 10. | മലപ്പുറം | 76 | 6210432 |
| 11. | കോഴിക്കോട് | 31 | 2499739 |
| 12. | വയനാട് | 38 | 5407331 |
| 13. | കണ്ണൂർ | 122 | 9648949 |
| 14. | കാസർകോട് | 64 | 4731424 |

Section Officer